**A**

# സമഗ്ര ശിക്ഷാ, കേരളം
# വാർഷിക മൂല്യനിർണയം 2019-20

**712**

34

## മലയാളം
## അടിസ്ഥാനപാഠാവലി

ക്ലാസ് : 7

സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ **ഒന്നാമത്തെ** പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. **രണ്ടു മുതൽ ആറു വരെ** പ്രവർത്തനങ്ങളിൽ നാലു പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.

---

**പ്രവർത്തനം 1 - വായിക്കാം എഴുതാം**

താഴെ തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഉപ്പുസത്യഗ്രഹ കാലമാണ്. കൊല്ലം എനിക്ക് ഓർമയില്ല. രാജ്യത്തെ നന്നാക്കണമെന്നു എനിക്കു കലശലായ ജ്വരം. ഞാൻ വീട്ടിൽ നിന്നും ചാടി തെണ്ടിത്തിരിഞ്ഞു കോഴിക്കോട്ടെത്തി. സത്യഗ്രഹം അനുഷ്ഠിച്ചു ജയിൽവാസം വരിക്കുകതന്നെ. പക്ഷെ എനിക്കു ഒരു പരിചയവുമില്ലാത്ത പട്ടണം. തിരക്കി അന്വേഷിച്ചു രാത്രിയോടെ കല്ലായി റോഡിലുള്ള ഒരു ലോഡ്ജിൽ ഞാൻ ചെന്നു കയറി. സെയ്തുമുഹമ്മദ് എന്ന എന്റെ ഒരു പരിചയക്കാരൻ അവിടെ ഉണ്ടായേക്കും. അവിടെ അനേകം ആളുകൾ ഉണ്ടായിരുന്നു. പ്രസിദ്ധരും പ്രമാണികളുമായ പലരും. "സെയ്തുമുഹമ്മദ് ഉണ്ടോ" എന്ന് ഞാൻ ചോദിച്ചു. "ഇല്ല" എന്നു ആരെന്നില്ലാതെ ഒരുത്തരം എനിക്ക് കിട്ടി. ഞാനെന്തുചെയ്യും? എനിക്കെങ്ങും പോകാനില്ല. എന്റെ കൈയിൽ ഒരു ചില്ലിയുമില്ല. കുറെനേരം ചുമ്മാ നിന്നു. എന്നിട്ടു പുറത്തെ കോലായിൽ ഒരിടത്ത് ചെന്നു ചുരുണ്ടുകൂടി കിടന്നു. അങ്ങനെ ഉറങ്ങാതെ ഏറെ നേരം കിടന്നിരിക്കണം. മുറ്റത്തു നിന്നും ഒരു ടോർച്ചു ലൈറ്റിന്റെ മിന്നിച്ചയും ഷൂസിന്റെ ബലമായ ചവിട്ടടി ശബ്ദവും! "ആരാ പുറത്തു കിടക്കുന്നത്"? ചോദ്യം എന്നോടായിരുന്നു.

"ഞാനിവിടുത്തുകാരനല്ല. പറഞ്ഞാൽ അറിയില്ല" ഞാൻ പറഞ്ഞു.

"എന്നാലും പറയൂ. ആരാണ്?" ദീർഘകായനായ ആ മനുഷ്യൻ നടന്ന് മുമ്പിലെത്തി ഞാനൽപം ദേഷ്യത്തോടെ പറഞ്ഞു. "നോക്കിക്കോ ആരാണെന്ന്! ഞാനിവിടുത്തുകാരനല്ല, എന്നെ അറിയില്ല."

അതേ ഗൗരവത്തിൽതന്നെ പിന്നെയും ചോദ്യം

"ഊണു കഴിച്ചോ"

"ഇല്ല"

പേരും മേൽവിലാസവും ഇല്ലാതെതന്നെ ഊണു കഴിഞ്ഞു. ലോഡ്ജിൽ പായും തലയിണയുമായി സുഖശയനം ചെയ്യുമ്പോൾ ഞാൻ മനസ്സിലാക്കി. അതാണ് "മുഹമ്മദ് അബ്ദുറഹിമാൻ!"

(വൈക്കം മുഹമ്മദ് ബഷീർ)

1. എവിടെ നടന്ന സംഭവത്തെക്കുറിച്ചാണ് ഖണ്ഡികയിൽ പറയുന്നത്?

എ)കോഴിക്കോട് ✓

ബി)വൈക്കം

സി)ബേപ്പൂർ

2. ബഷീർ അന്വേഷിച്ചു നടന്ന പരിചയക്കാരൻ ആര്?

എ)ഹനീഫ

ബി)അബ്ദു റഹിമാൻ

സി)സെയ്തു മുഹമ്മദ്

3. ബഷീർ പുതിയ പട്ടണത്തിൽ എത്തിച്ചേരാനുണ്ടായ സാഹചര്യം എന്ത്?

എ)ജോലി കണ്ടെത്താൻ

ബി)കഥയെഴുതാൻ

സി)ഉപ്പുസത്യഗ്രഹത്തിൽ പങ്കെടുക്കാൻ

4. ബഷീർ കൃതികളുടെ ശക്തി വെളിവാക്കുന്ന ഒരു സവിശേഷത

എ)ജീവിതാനുഭവങ്ങൾ

ബി)വായന

സി)വിദ്യാഭ്യാസം

5. മുഹമ്മദ് അബ്ദു റഹിമാൻ സാഹിബിന്റെ എന്തു ഗുണമാണ് ഇവിടെ വ്യക്തമാവുന്നത്?

എ)സത്യസന്ധത

ബി)മനുഷ്യത്വം

സി)ശുചിത്വബോധം

**പ്രവർത്തനം - 2 താരതമ്യക്കുറിപ്പ്**

**ഡിജിറ്റൽ**

കൂട്ടിലടച്ച പക്ഷികളും
തുറന്നുവിട്ടാൽ പറന്നുപോകും
അവറ്റയ്ക്കും വേണ്ടേ സ്വാതന്ത്ര്യം?
എന്നാൽ മനുഷ്യന്റെ കാര്യം അങ്ങനെയല്ല
വീട്ടിലടച്ചാലും കൂട്ടിലടച്ചാലും
വീടു തുറന്നു വിട്ടാലും
കൂടു തുറന്നു വിട്ടാലും അവനെങ്ങോട്ടും പോവില്ല.
പക്ഷേ,
അവന്റെ വിരൽത്തുമ്പിൽ
പക്ഷി പറന്നുകൊണ്ടേയിരിക്കും.

(അർജ്ജുൻ .ടി.കെ,
ജി.എച്ച്.എസ്.എസ് കൊടുമുണ്ട)

ജൻട്രി തോമസ് എന്ന കുട്ടിയുടെ അവസ്ഥയും ഈ കവിതയിലെ ആശയവും താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കൂ

## പ്രവർത്തനം - 3 നിവേദനം

"സ്കൂൾ വിട്ടാൽ ആദ്യം ഓടിയെത്തുന്നത് ശ്രീകൃഷ്ണപുരം പൊതുജന വായനശാലയിൽ ആണ്. അന്ന് വായനക്കാരുടെ നല്ല തിരക്കുണ്ടായിരുന്നു. വിശപ്പ് വകവയ്ക്കാതെ വരി നിന്ന് പുസ്തകങ്ങൾ വാങ്ങും. മുട്ടത്തുവർക്കിയും കാനം ഇ.ജെയും കുറ്റാന്വേഷണ നോവലുകളുമൊക്കെയായിരുന്നു പ്രധാനം. വായനശാല സെക്രട്ടറി ടി.കെ.ഡി നമ്പൂതിരിയാണ് എന്റെ വായനയെ വഴിതിരിച്ചു വിട്ടത്. ഉറൂബും തകഴിയും ബഷീറും എം.ടി യുമൊക്കെ എന്റെ ചങ്ങാതികളായി."

വായനയിലൂടെ വളർന്ന പ്രശസ്ത സാഹിത്യകാരൻ ശ്രീകൃഷ്ണപുരം കൃഷ്ണൻകുട്ടിയുടെ ഓർമക്കുറിപ്പുകളിലെ ഒരു ഭാഗമാണ് മുകളിൽ. നമ്മുടെ സ്കൂളിലും വേണ്ടേ ഇതുപോലെ ധാരാളം പുസ്തകങ്ങളുള്ള ഒരു വായനശാല? നിങ്ങളുടെ സ്കൂൾ ലൈബ്രറിയിൽ കൂടുതൽ പുസ്തകങ്ങൾ ലഭ്യമാക്കണമെന്നഭ്യർഥിച്ച് ഹെഡ്മാസ്റ്റർക്ക് ഒരു നിവേദനം തയാറാക്കുക.

## പ്രവർത്തനം - 4 പോസ്റ്റർ

"മധുരിക്കും ഓർമകളേ...
മലർമഞ്ചൽ കൊണ്ടുവരൂ....
കൊണ്ടുപോകൂ ഞങ്ങളെയാ
മാഞ്ചുവട്ടിൽ... മാഞ്ചുവട്ടിൽ"

ചെപ്പു കിലുക്കണ ചങ്ങാതീ
നിന്റെ ചെപ്പു തുറന്നൊന്നു കാട്ടൂലേ..
മിന്നണതെന്താണയ്യയ്യാ...
നല്ല കുന്നിക്കുരുമണി പൊൻമാല

മലയാളിയുടെ മനസ്സിൽ നിന്ന് ഒരിക്കലും മായാത്ത രണ്ടു നാടക ഗാനങ്ങൾ വായിച്ചല്ലോ?

വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ ലോക നാടകദിനമായ മാർച്ച് 27ന് ഒരു നാടകഗാനമേള നിങ്ങളുടെ വിദ്യാലയത്തിൽ സംഘടിപ്പിക്കുന്നു. പ്രശസ്ത ഗാനരചയിതാവ് റഫീഖ് അഹമ്മദ് പരിപാടിയുടെ ഉദ്ഘാടനം നിർവഹിക്കും. ഈ പരിപാടിയുടെ പ്രചരണാർഥം ഒരു പോസ്റ്റർ തയാറാക്കൂ.

## പ്രവർത്തനം - 5 കവിതാപഠനക്കുറിപ്പ്

### ചൂട്

കൊടും ചൂടാണ്,വറ്റുന്നു
കിണറും നോറ്റ കൺകളും
കിടാവിന്നായ് ചുരത്തേണ്ട
നെഞ്ചും താരാട്ടുകൊഞ്ചലും
ആരുവറ്റിച്ചതീ വറ്റാ-
ക്കിണറെ, ക്കാട്ടുപൊയ്കയെ
ആരു കത്തിച്ചതീപ്പുന്നെൽ-
പ്പാടത്തിൻ ഹരിതാഭയെ?
ലോറിയിൽ തിക്കിയേറ്റുന്ന
കന്നുകാലികളെന്നപോൽ
ആരീ മലകളെക്കൊന്നു
കൊണ്ടുപോകുന്നു ചന്തയിൽ?
വെട്ടിക്കത്തിപ്പതാരാണീ
നാടിൻ പച്ചക്കിനാവുകൾ
കുത്തിപ്പൊട്ടിച്ചതാരാണീ
പച്ചക്കുന്നിന്റെ കണ്ണുകൾ?

(സുഗതകുമാരി)



സെയ്ദത്തുൽ സുഹ്റ

കവിത വായിച്ച് ആശയം, സൗന്ദര്യം തുടങ്ങിയ പ്രത്യേകതകൾ കണ്ടെത്തി കവിതാപഠനക്കുറിപ്പ് തയാറാക്കുക.

**പ്രവർത്തനം – 6 വിശകലനക്കുറിപ്പ്**

'2019 ലെ പ്രളയത്തിൽ വയനാട് ജില്ലയിലെ വെള്ളാർമലയിൽ വലിയ നാശനഷ്ടങ്ങൾ സംഭവിച്ചു. ഉള്ളിൽ പിടയുന്ന സങ്കടങ്ങളെയും പ്രതികൂല സാഹചര്യങ്ങളെയും മാറ്റി നിർത്തിയാണ് വെള്ളാർമല ഗവൺമെന്റ് സ്കൂളിലെ വിദ്യാർത്ഥികൾ ഇക്കഴിഞ്ഞ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ വഞ്ചിപ്പാട്ടു മത്സരത്തിൽ 'എ' ഗ്രേഡ് നേടിയത്.'

'ഇരുട്ടടഞ്ഞ ലോകത്തിൽ ഒരാൾക്ക് തന്റെ മനഃപ്രകാശത്തിന്റെ സഹായത്തോടു കൂടി മുന്നോട്ടു പോകുവാൻ സാധിക്കുന്നു.'

'നമ്മുടെ ലോകം നാം സൃഷ്ടിക്കുന്നു' എന്ന പാഠഭാഗത്തിൽ കെ.പി കേശവമേനോന്റെ പ്രസ്താവനയാണിത്. ഈ പ്രസ്താവനയുമായി ബന്ധപ്പെടുത്തി വെള്ളാർമല ഗവൺമെന്റ് സ്കൂളിലെ കുട്ടികളുടെ നേട്ടത്തെ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കൂ.